പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

2020 മാർച്ച് 03, ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : 411
ശ്രീ.സി. ദിവാകരൻ

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കുംപെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;വിശദാംശം നൽകുമോ; | സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ റീ ടെൻഡറിനു മുന്നോടിയായി 15.07.2019 ലെ സ.ഉ(പി)നം 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ / സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ധരെ കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട്മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, തുടർ നടപടികളുടെ ഭാഗമായി റീ-ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കേ പദ്ധതി എന്നുമുതൽ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | പദ്ധതിയുമായി സഹകരിക്കുന്നതിന് ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളെയാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ? | IRDAI നിബന്ധനകളുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി സുതാര്യമായ ഇ-ടെൻഡർ മുഖേന റീ-ടെൻഡർ നടപടികളിലൂടെ മാത്രമേ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഇൻഷ്വറൻസ് ഏജൻസികളെ തെരെഞ്ഞെടുക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ